പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1168 03.12.2018 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ മിക്കവാറും റോഡുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) തകർന്ന പാതകളിൽ കൂടിയുള്ള യാത്ര അപകട സാധ്യത വർദ്ധിപ്പിക്കുന്നതും അപകട നിരക്ക് കൂട്ടുന്നതും വിലയിരുത്തിയിട്ടുണ്ടോ; | ബി) തകർന്ന പാതകളിൽ കൂടിയുള്ള യാത്ര അപകടകരമാണെങ്കിലും അടിയന്തരമായി കുഴികൾ അടയ്ക്കുന്നതിനും, മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിലെ മണ്ണ് നീക്കം ചെയ്ത് റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) റോഡുകളിലെ കുഴികളടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | സി) തകർന്ന റോഡുകളിലെ കുഴികളടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ ഫണ്ടിൽ നിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ Non-Plan ഇനത്തിൽ ലഭ്യമായ 882 കോടി രൂപയിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾക്കായി റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 21.4 കോടി രൂപ **Flood Damage repair 2018-19**ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>KSTP, KRFB റോഡുകളെല്ലാം കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| (vii) തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (vii) G.O(Rt) No. 1309/2018/PWD dtd 21.08.2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ റോഡുകളുടെ പുനർ നിർമ്മാണം ചുവടെ വിവരിക്കും പ്രകാരം പുരോഗമിച്ച് വരികയാണ്. |

(i) പൊതുമരാമത്ത് നിരത്തു വിഭാഗം അടിയന്തരമായി നടപ്പാക്കേണ്ട അറ്റകുറ്റപ്പണി നടപ്പാക്കിവരുന്നു. ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് മണ്ണിടിച്ചിൽ മാറ്റി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തകർന്ന പാലങ്ങൾക്കു പകരം താല്ക്കാലിക പാലങ്ങൾ നിർമ്മിച്ചു. പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട 347 കോടി രൂപയുടെ 171 പ്രവൃത്തികൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ii) ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടങ്ങളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(iii) കെ. ആർ. എഫ്. ബി വിശദമായ

എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(iv) കെ.എസ്.ടി.പി

ഇരിട്ടി - നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിലായതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

തലശ്ശേരി - വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി നടന്നു വരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെയും തിരുവല്ല മാവേലിക്കര റോഡിന്റെയും പുനരുദ്ധാരണം പുരോഗമിക്കുന്നു. ബാക്കി രണ്ടു പണികൾക്കും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇ) റോഡ് പുനർനിർമ്മാണത്തിന് വായ്പ അനുവദിക്കാൻ ലോക ബാങ്ക് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇ) പ്രളയവുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനും പുനർനിർമ്മാണത്തിനുമായി ലോകബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയും സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ പുനർ നിർമ്മിക്കുന്നതിന് വേണ്ടി **7647.40** കോടി രൂപ മൂലധന നിക്ഷേപത്തിന്റെ ഫ്രെയിം വർക്ക് താൽക്കാലികമായി കണക്കാക്കി **സ.ഉ(പി) നം. 161/2018/ധന തീയതി 12.10.18** പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നോ ലോകബാങ്ക് അധികാരികളിൽ നിന്നോ ഇതു സംബന്ധിച്ച തീരുമാനം ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ